Draft #5 of File 83562/P&D 1-2/2021/P&D 1 Approved by ASSISTANT REGISTRAR III (ADMIN) on 30-Oct-2021 01:45 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവകലാശാലയിലെ സ്പോർട്ട്സ് ഇൻഫ്രാസ്ട്രക്ച്ചർ വികസനം- ഒന്നാം ഘട്ടമായി നാച്ചുറൽ ടർഫ് ഫുട്ബോൾ ഗ്രൗണ്ട് നിർമ്മിക്കുന്നതിനുള്ള പ്ലാൻ & എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി M/s Sports Kerala Limited-നെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പ്ലാനിംഗ് & ഡവലപ്മെന്റ് 1**

നമ്പർ. 5767/P&D 1/2021/എം.ജി.യു        പ്രിയദർശിനി ഹിൽസ്,തീയതി: 01.11.2021

---

*പരാമർശം:*-1. SPESS ഡയറക്ടറുടെ 1/06/2021 തീയതിയിലെ കത്ത് നം. SPESS/2/SID/2021

2. 21/06/2021 തീയതിയിലെ G.O. (Rt )No.823/2021/HEDN

3. 15/09/2021 തീയതിയിലെ സർവകലാശാല ഉത്തരവ് നം. 4599/P&D 1/2021/എം.ജി.യു.

4. സർവകലാശാലയിലെ സ്പോർട്ട്സ് ഇൻഫ്രാസ്ട്രക്ച്ചർ വികസനത്തിന്റെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി SPESS ഡയറക്ടറുമായി 01/10/2021-ന് രജിസ്ട്രാറുടെ ഓഫീസിൽ ചേർന്ന യോഗത്തിന്റെ മിനിറ്റ്സ്

5. SPESS ഡയറക്ടറുടെ 25/10/2021 തീയതിയിലെ കത്ത് നം. SPESS/2/SID/2021

**<u>ഉത്തരവ്</u>**

സർവകലാശാലയുടെ സ്പോർട്ട്സ് ഇൻഫ്രാസ്ട്രക്ച്ചറിന്റെ ഘട്ടം ഘട്ടമായുള്ള വികസനത്തിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ 'natural grass Football Turf with automatic sprinkler system and 400 mts Synthetic Track' എന്നിവ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്ന് SPESS ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2021-22 സംസ്ഥാന വാർഷിക പദ്ധതിയിൽ 'Development of MGU Sports Hub' എന്ന പ്രൊജക്റ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 1.25 കോടി രൂപയാണ് സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ളത്. ടി പദ്ധതിയ്ക്ക് സംസ്ഥാന സർക്കാർ പരാമർശം (2) ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. സ്പോർട്ട്സ് ഹബ്ബിന്റെ ഭാഗമായി താഴെ പറയുന്ന സൗകര്യങ്ങളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്;

i) 50 mtrs Swimming pool with diving board and water treatment plant

ii) 400 mtrs synthetic track (9 lanes)

iii) Modern Conditioning hall

iv) Modern fitness centre

v) Outdoor volleyball, football and basketball court

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

SPESS ഡയറക്ടറുടെ പ്രൊപ്പോസൽ പരിശോധിച്ച് പരാമർശം (3) ലെ സർവകലാശാല ഉത്തരവ് പ്രകാരം താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

**"Sports Infrastructure വികസനം ഘട്ടങ്ങളിലായി ചെയ്യുന്നതിനായി SPESS വകുപ്പ് മേധാവി സമർപ്പിച്ച ശുപാർശ അംഗീകരിക്കുന്നതിനും ആദ്യ ഘട്ടമായി outdoor volleyball, football court , basketball court എന്നിവ നിർമ്മിക്കുന്നതിനും ഇതിനായി വകയിരുത്തിയിരിക്കുന്ന 1.25 കോടി രൂപ ചിലവഴിച്ച് നിർമ്മിക്കുന്നതിനും തീരുമാനിച്ചു."**

സർവകലാശാലയിലെ സ്പോർട്ട്സ് ഇൻഫ്രാസ്ട്രക്ച്ചർ വികസനത്തിന്റെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി SPESS ഡയറക്ടറുമായി പരാമർശം (4) പ്രകാരം ചേർന്ന യോഗത്തിൽ ആദ്യ ഘട്ടത്തിൽ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുള്ള outdoor volleyball, football court, basketball court എന്നിവയുടെ ഫേസ്-വൈസ് കോസ്റ്റ് വിവരങ്ങൾ ഉൾപ്പെടെയുള്ള ഡീറ്റൈൽഡ് എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ SPESS ഡയറക്ടറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചിരുന്നു.

തുടർന്ന്, SPESS ഡയറക്ടറും സർവകലാശാല എഞ്ചിനീയറും M/s Sports Kerala Limited കമ്പനിയുടെ ചീഫ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുമായി നാച്ചുറൽ ടർഫ് ഫുട്ബോൾ ഗ്രൗണ്ടിന്റെ പ്രൊപ്പോസ്ഡ് സൈറ്റ് സന്ദർശിക്കുകയും നാച്ചുറൽ ടർഫ് ഫുട്ബോൾ ഗ്രൗണ്ട് നിർമ്മാണം സ്പെഷ്യലൈസ്ഡ് വർക്ക് ആയതിനാൽ ഇതിനു വേണ്ട ടെക്നിക്കൽ എക്സ്പെർട്ടീസ് സർവകലാശാല എഞ്ചിനീയറിംഗ് വിഭാഗത്തിനില്ല എന്ന് സർവകലാശാല എഞ്ചിനീയർ അഭിപ്രായപ്പെട്ടിട്ടുള്ളതായി SPESS ഡയറക്ടർ പരാമർശം (5) പ്രകാരം അറിയിച്ചിട്ടുണ്ട്. SPESS ഡയറക്ടറുടെ ടി കത്തിൽ താഴെപ്പറയുന്ന നിർദ്ദേശം മുന്നോട്ട് വെച്ചിരുന്നു.

"Under these circumstances the University Engineer opined that since M/s Sports Kerala Limited is a company having 100% Government shares with vast knowledge and expertise with regard to Sports Infrastructure development and being an empanelled agency of the Government of Kerala, it would be appropriate if we entrust the responsibility of preparing the plan and estimate for the construction of Natural Turf Football Ground of Mahatma Gandhi University to M/s Sports Kerala Limited under the Department of Sports and Youth Affairs, Government of Kerala in order to avoid inordinate delay in the execution and completion of the work within this Financial Year.
Hence it is requested that, the Director, Sports and Youth Affairs, Kerala may be requested to prepare the plan and estimate for the construction of Natural Turf Football Ground to M/s Sports Kerala Limited."

നാച്ചുറൽ ടർഫ് ഫുട്ബോൾ ഗ്രൗണ്ട് നിർമ്മാണത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് M/s Sports Kerala Limited-നെ നിയോഗിക്കാവുന്നതാണെന്ന SPESS ഡയറക്ടറുടെ മേൽ നിർദ്ദേശം മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം 3 സെക്ഷൻ 10 (17) പ്രകാരമുള്ള സവിശേഷ അധികാരം ഉപയോഗിച്ച് വൈസ് ചാൻസലർ അംഗീകരിച്ചു.

Draft #5 of File 83562/P&D 1-2/2021/P&D 1 Approved by ASSISTANT REGISTRAR III (ADMIN) on 30-Oct-2021 01:45 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

അനിൽ കുമാർ വി എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 3 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഡയറക്ടർ, പ്ലാനിംഗ് & ഡെവലപ്പ്മെൻറ്റ്
2. വകുപ്പ് മേധാവി , SPESS
3. സർവകലാശാല എഞ്ചിനീയർ / എഞ്ചിനീയറിംഗ് യൂണിറ്റ്
4. വി.സി./പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
5. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റുമാർ
6. എ.സി.സി./ഓഡിറ്റ് 1/അക്കൗണ്ട്സ് V / എ.ഡി.ഡി./എ.ഡി.ബി.8 സെക്ഷനുകൾ
7. കണ്ടന്റ് മാനേജ്മെൻറ്റ് സെക്ഷൻ/കെ.എസ്.എ.ഡി./ ബഡ്ജറ്റ് /ജനറൽ ക്യാഷ്
8. റെക്കോർഡ്സ് സെക്ഷൻ / സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #5 of File 83562/P&D 1-2/2021 Approved by ASSISTANT REGISTRAR III (ADMIN) on 30-Oct-2021 01:45 PM - Page 3